*ബാബ അപരാഹനവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം മാർച്ച് 3, 2004**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 26D

### ഈഗോ–പ്രബലനായ ശത്രു

ഞാൻ കേട്ടതിൽനിന്നൊക്കെ ഞാൻ ചില നിഗമനങ്ങളിലെത്തിച്ചേർന്നു. ആദ്യത്തെ നിഗമനം ഇതാണ്: 'ഞാനൊരു വലിയ ഭക്തനാണ്' എന്ന് കരുതുന്നത് വിഭ്രാന്തിയല്ലാതെ മറ്റൊന്നുമല്ല; അതൊരു വലിയ അബദ്ധമാണ്! തന്നെയുമല്ല, മറ്റുള്ളവരുടെ അനുഭവങ്ങൾ ശ്രവിക്കുക എന്നത്, ഭാഗവതം പോലെ ഒരു മഹാപുരാണശ്രവണമല്ലാതെ മറ്റൊന്നുമല്ല. ഭാഗവതം നിറയെ ഭക്തരുടെ കഥകളാണ്. നിങ്ങൾ നിങ്ങളുടെ അനുഭവങ്ങൾ എന്നോട് പങ്കുവയ്ക്കുമ്പോൾ, എനിക്ക് ഭാഗവതം, ഈശ്വരകഥകൾ ശ്രവിക്കാൻ അവസരം ലഭിക്കുകയാണ്. ഇത് എന്റെ നിഗമനമാണ്. ഭാഗവതത്തിൽ, ശുകമഹർഷിയിലൂടെ, ഭക്തരുടെ അനുഭവങ്ങൾ ശ്രവിച്ച് മുക്തിയടഞ്ഞത് പരീക്ഷിത്ത് ആയിരുന്നു.



ജീവിതം ഒരു നീണ്ട, നിരന്തരയാത്രയാണെന്ന്; ജീവിതം ഒരു നിതാന്തയാത്രയാണെന്ന്, നാം കൂടുതൽ കൂടുതൽ മുന്നേറണം എന്ന് എനിക്ക് മനസ്സിലാവുന്നു. സ്വാമി ഇവിടെയുള്ള ആരിലൂടെയും അവിടുത്തെ സന്ദേശം കൈമാറാം എന്ന് എനിക്ക് പൂർണമായ ബോധ്യമുണ്ട്. ഞാൻ കണ്ടുമുട്ടുന്ന ആരെങ്കിലുമൊരുവൻ, ഞാൻ പരിചയപ്പെടുന്ന ഏതെങ്കിലുമൊരാൾക്ക് എനിക്ക് നൽകാനായി ഒരു സന്ദേശമുണ്ടായേക്കും, അത് സ്വാമിയുടെ പ്രേരണയും സ്വാമിയുടെ സങ്കൽപവുമാകുന്നു.

അതുകൊണ്ട്, ഞാൻ കുറച്ചുകൂടി മെച്ചപ്പെട്ട സ്ഥാനം നേടി എന്ന ചിന്ത ഉടനടി ഉപേക്ഷിക്കണം. നമ്മുടെ യാത്രയിലെ, നമ്മുടെ ആദ്ധ്യാത്മികയാത്രയിലെ, എല്ലാ പ്രതിബന്ധങ്ങളും നാം നീക്കം ചെയ്യേണ്ടതുണ്ട്. മറ്റൊരേക്കാളും നാം ശ്രേഷ്ഠരാണെന്ന്, മറ്റൊരേക്കാളും നാം ജ്ഞാനികളാണെന്ന് സ്വപ്നത്തിൽപ്പോലും നാം കരുതാതിരിക്കുക. ആ അഹംഭാവം, ഈഗോ, നമ്മുടെ ഏറ്റവും വലിയ ശത്രുവാണ്. ഈ സായി സഹോദരീ സഹോദരന്മാരോട് സംസാരിച്ചതിൽനിന്ന് ഞാൻ പഠിച്ച പാഠങ്ങളാണിവ. നിങ്ങൾക്ക് വളരെ നന്ദി.

## അനന്തപൂർ കൃഷ്ണദേവരായ സർവകലാശാലയിലെ പ്രഭാഷണം

2004 ഫെബ്രുവരി 23-ന്, ഞാൻ അനന്തപൂരിന് പോയി. കൃഷ്ണദേവരായ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന ചെറുപ്പക്കാരോട് സംസാരിക്കുന്നതിന് ഭഗവാൻ എന്നോട് ആവശ്യപ്പെടുകയുണ്ടായി. ഭഗവാന്റെ നിർദ്ദേശാനുസരണം, ഞാൻ ഏകദേശം ഒന്നര മണിക്കൂറോളം ഒരു പ്രഭാഷണം നടത്തി. സ്വാഭാവികമായും, നിങ്ങൾ ബാബയുടെ കൊടിയടയാളം വഹിക്കുകയാണെങ്കിൽ, നിങ്ങളൊരു വിജയിയായ പ്രഭാഷകനാവും, ഒരു വിജയിയായ ഗായകനാവും. നിങ്ങൾക്ക് നല്ലൊരു സദസ്സും ലഭിക്കും. സ്വാമി എല്ലാ കാര്യവും നോക്കിക്കൊള്ളും.

പ്രഭാഷണം തികച്ചും വിജയമായിരുന്നു. അവർ ചോദിച്ച കുറച്ച് ചോദ്യങ്ങൾ ഞാൻ നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയാണ്.




അനന്തപൂരിൽനിന്ന് തിരിച്ചുവന്നതിനു ശേഷം സ്വാമി തിരക്കി, "നിന്നോട് ഇനി പറയുന്ന ചോദ്യങ്ങളല്ലേ അവർ ചോദിച്ചത്?" എന്നോട് ചോദിക്കപ്പെട്ട സകല ചോദ്യങ്ങളും അവിടുന്ന് എന്നോട് പറയാൻ തുടങ്ങി! എന്നിട്ട് പ്രഭു തിരക്കി, "എന്തു മറുപടിയാണ് നീ നൽകിയത്?"

ഞാൻ പറഞ്ഞു, "സ്വാമീ, അവിടുന്നിന് ചോദ്യങ്ങൾ അറിയാം, അപ്പോൾ ഞാൻ നൽകിയ ഉത്തരങ്ങളും ഭഗവാന് അറിയാമല്ലോ." (*ചിരി*)

അവിടുന്ന് ചോദിച്ചു, "നിനക്ക് എങ്ങനെ അറിയാം?" (*ചിരി*)

"സ്വാമീ, അവിടുത്തെ പ്രഭാഷണങ്ങൾ കാരണമാണ് എനിക്ക് ഉത്തരങ്ങൾ അറിയാവുന്നത്. ഞാൻ അവിടുത്തെ സാഹിത്യത്തിലൂടെയും കടന്നുപോയിട്ടുണ്ട്, അതിൽ കൂടുതൽ ഉത്തരങ്ങൾ കണ്ടെത്താനാവുമെന്നും എനിക്കറിയാം. സൂര്യനു കീഴിലുള്ള സകല വിഷയങ്ങളും അവിടുന്ന് കൈകാര്യം ചെയ്തിട്ടുണ്ട്. ഞങ്ങൾക്ക് എന്തിന്റെ കുറവാണുള്ളത്?"

അവിടുന്ന് എന്റെ കവിളത്ത് നുള്ളിയിട്ട് പറഞ്ഞു, "നന്നായി! നന്നായി!"

അതുകൊണ്ട്, ഇക്കാര്യങ്ങൾ ഭഗവത്ശ്രദ്ധയിലും കൊണ്ടുവരപ്പെട്ടതാണ്, ഇതിലെ ചോദ്യങ്ങളെല്ലാം അനുക്രമമായി അവിടുന്നു തന്നെ ഇങ്ങോട്ട് പറഞ്ഞതാണ്, എന്റെ മറുപടികളും ഭഗവാനാൽ സാക്ഷ്യപ്പെടുത്തപ്പെട്ടവയാണ്. നിങ്ങളും ഇവ ആസ്വദിക്കുമെന്നും ഇവയുടെ പ്രയോജനം നേടുമെന്നും എനിക്കുറപ്പുണ്ട്.

## താക്കോൽ ഭഗവാന്റെ കൈയിലാണ്

**ചോദ്യം** 1.

ഇവയെല്ലാംതന്നെ യുവാക്കളിൽനിന്ന്, പോസ്റ്റ് ഗ്രാഡ്വേറ്റ് വിദ്യാർത്ഥികളിൽനിന്ന്, ഗവേഷണ പ്രതിഭകളിൽനിന്ന് വന്ന ചോദ്യങ്ങളാണ്. ചിലർ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികളാണ്, ചിലർ ബിസിനസ് മാനേജ്മെന്റ് വിദ്യാർത്ഥികളാണ്. അനന്തപൂർ കൃഷ്ണദേവരായ യൂണിവേഴ്സിറ്റിയുടെ വൈസ്-ചാൻസലർ സംഭാഷണമധ്യേ ഒരു വാചകം സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം എന്താണ് പറഞ്ഞതെന്നോ? മീറ്റിംഗ് അവസാനിച്ചപ്പോൾ, കൃഷ്ണദേവരായ യൂണിവേഴ്സിറ്റിയുടെ വൈസ്-ചാൻസലർ എന്റെയടുത്ത് വന്നു. അദ്ദേഹം പറഞ്ഞു, "മി. അനിൽകുമാർ, ഈ യൂണിവേഴ്സിറ്റിയുടെ 23 കൊല്ലത്തെ അനുഭവത്തിൽ ആദ്യമായി, വിദ്യാർത്ഥികൾ വളരെ നല്ല രീതിയിൽ, അച്ചടക്കത്തോടെ പെരുമാറി. അവർ ഒരിക്കലും ശാന്തരായി പ്രഭാഷണങ്ങൾ കേൾക്കാറില്ല. പതിവായി ഞങ്ങൾ കാണാറുള്ളത് കല്ലേറും തടസ്സപ്പെടുത്തലും മുദ്രാവാക്യം വിളിയും അട്ടഹാസവും അച്ചടക്കരാഹിത്യവുമാണ്. ആദ്യമായി, ആഡിറ്റോറിയത്തിലെ നിശ്ശബ്ദത കണ്ടിട്ട് എനിക്ക് വളരെ സന്തോഷം തോന്നുന്നു!"

അപ്പോൾ ഞാൻ പറഞ്ഞു, "സാർ, അതിന്റെ രഹസ്യം ഞാൻ പറയട്ടെ?"

അദ്ദേഹം തിരക്കി, ‘‘എന്താണ്?’’

‘‘ഞങ്ങൾ ഭഗവാന്റെ ആറടി പൊക്കമുള്ള ഫോട്ടോ വേദിയിൽ വച്ചിരുന്നു. ഒരുത്തനും വാ



തുറക്കാതെ അവിടുന്ന് നോക്കിക്കൊള്ളും!’’ (*ചിരി*)

‘‘എല്ലാം താഴിട്ട് പൂട്ടിയിരിക്കും. അത്രേയുള്ളൂ. നാളെ, അവർ വീണ്ടും നോർമലായിക്കോളും.’’

അപ്പോൾ അദ്ദേഹം പറയുകയുണ്ടായി, ‘‘സർ, അദ്ദേഹത്തിന്റെ ഫോട്ടോയ്ക്ക് ഈ മുഴുവൻ സദസ്സിനെയും നിയന്ത്രിക്കാനാവുമെങ്കിൽ, അദ്ദേഹം ഇവിടെ ശരീരത്തിൽ സന്നിഹിതനായിരുന്നെങ്കിലുള്ള അവസ്ഥ താങ്കൾക്ക് സങ്കൽപ്പിക്കാനാവുമോ? ഇവിടുത്തെ യുവാക്കളുടെ മേൽ എന്തൊരു പ്രഭാവമായിരിക്കും അദ്ദേഹം ചെലുത്തുക?’’

ഞാൻ ഇതേ കാര്യം സ്വാമിയോട് പറയുകയുണ്ടായി. അവിടുന്ന് വളരെ, വളരെ സന്തോഷിച്ചു. അവിടുന്ന് തിരക്കി, ‘‘അനിൽകുമാർ, വിദ്യാർത്ഥികൾ ശരിയാംവണ്ണം പെരുമാറിയോ? നിന്റെ പ്രസംഗം അവർ ശ്രദ്ധയോടെ മതിമറന്നിരുന്ന് കേട്ടോ?’’

ഞാൻ പറഞ്ഞു, ‘‘സ്വാമീ, ഓരോരുത്തരും എന്റെ പ്രഭാഷണം വളരെ ശ്രദ്ധയോടെ കേട്ടു, മീറ്റിംഗിന്റെ പ്രസിഡണ്ട് കാരണമാണത്.’’

‘‘പ്രസിഡണ്ട്? ആരായിരുന്നു മീറ്റിംഗിന്റെ അദ്ധ്യക്ഷൻ? ആ വൈസ്-ചാൻസലർ ആയിരുന്നോ?’’

‘‘അല്ല! അല്ല! അല്ല! ഈ പ്രപഞ്ചത്തിന്റെ അദ്ധ്യക്ഷൻ, ഭഗവാൻ ശ്രീ സത്യസായി ബാബ, അവിടുന്നാണ് മീറ്റിംഗിന് ആദ്ധ്യക്ഷം വഹിച്ചത്!’’

"ഓ, അതൊരു നല്ല മറുപടിയാണ്," അവിടുന്ന് പറഞ്ഞു. (*ചിരി*)

"സ്വാമീ, അവിടുന്ന് ഓരോരുത്തരുടെയും വായും ചുണ്ടും താഴിട്ട് പൂട്ടിയിട്ട്, താക്കോൽ ഇവിടെ പ്രശാന്തിനിലയത്തിൽ വച്ചിരിക്കുകയാണ് എന്നാണ് എനിക്ക് തോന്നിയത്. അതു കൊണ്ട്, ഒരുത്തനും വാ തുറക്കാൻ പറ്റിയില്ല."

"ഓ! നിനക്കത് രസിച്ചു!" (*ചിരി*)

"അതെ സ്വാമീ! അവിടുത്തെ സാന്നിധ്യം എനിക്ക് അനുഭവപ്പെട്ടു."

അവിടുന്ന് വളരെ സന്തോഷവാനായിരുന്നു.

## ചോദ്യങ്ങൾ

ഈ ചോദ്യങ്ങൾ മുതിർന്നവരിൽനിന്ന്, പോസ്റ്റ് ഗ്രാഡ്വേറ്റ് വിദ്യാർത്ഥികളിൽനിന്ന്, പ്രഫസർമാരിൽനിന്ന്, ഗവേഷണ പ്രതിഭകളിൽനിന്ന് ഒക്കെയാണ്. ചിലർ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികളാണ്; ചിലർ ബിസിനസ് മാനേജ്മെന്റ് വിദ്യാർത്ഥികളാണ്. അവരിൽ ഏറെ പ്പേരും ഭക്തരായിരുന്നില്ല, ഇത്തരത്തിലുള്ള ഒരു പ്രഭാഷണം ആദ്യമായി കേൾക്കുകയാണ്. ദയവായി അത് ശ്രദ്ധിക്കുക.

സദസ്യരുടെ ഇടയ്ക്കുനിന്ന് ഒരാൾ എന്നോട് തിരക്കി, "എന്താണ് താങ്കളുടെ പ്രഭാഷണവിഷയം?"

ഞാൻ പ്രതികരിച്ചു, "എന്റെ പ്രഭാഷണത്തിന്റെ വിഷയം 'യൂണിവേഴ്സിറ്റിയിൽനിന്ന് യൂണിവേഴ്സാലിറ്റിയിലേക്ക്'(University to Universality) എന്നതാണ്."

തീർച്ചയായും അനിൽകുമാർ പ്രഭാഷണത്തിന് പ്രസിദ്ധനാണ്. ഞാൻ അവിടെ പറഞ്ഞ കാര്യങ്ങൾ, അതെപ്പറ്റി നമുക്ക് പിന്നീട് ആലോചിക്കാം. ചോദ്യങ്ങൾ നിങ്ങൾക്ക് കുറച്ച് താത്പര്യമുള്ളതാവും.

## സന്തോഷത്തിന്റെ രഹസ്യം

**ചോദ്യം**: **"മി. അനിൽകുമാർ, താങ്കൾ വളരെ സന്തോഷവാനാണ് എന്ന് ഞങ്ങൾ കാണുന്നു. താങ്കളെപ്പോലെ, എങ്ങനെ സന്തോഷമായിരിക്കാം എന്ന് ദയവായി ഞങ്ങളോട് പറഞ്ഞാലും".**

അനിൽ: “ചെറുപ്പക്കാരാ, എനിക്ക് മനസ്സിലായി. എങ്ങനെ സന്തോഷമായിരിക്കാം എന്ന് എന്നോട് തിരക്കുന്നതിനു പകരം, ദയവായി സ്വയം ചോദിക്കൂ, ‘എന്തുകൊണ്ടാണ് ഞാൻ




അസന്തുഷ്ടനായിരിക്കുന്നത്?’ എന്റെ കാര്യത്തിൽ, സന്തോഷ മായിരിക്കുന്നതിനും അതേ കാരണം തന്നെയാണ് ഉള്ളത്. രക്ഷപ്പെടുന്ന തരത്തിലുള്ള ഒരു മറുപടി തരാൻ പോവുക യല്ല ഞാൻ. അല്ല!”

“സന്തോഷമായിരിക്കുന്നതിന്:

1: “മറ്റുള്ളവരുമായി സ്വയം താരതമ്യം ചെയ്യുന്നത് നാം നിർത്തണം. ”




2: “മറ്റുള്ളവരുമായി മത്സരിക്കുന്നത് നാം നിർത്തണം.

3: “നാം അഹംഭാവികളാ(egoistic)വരുത്. ”

4: “നാം അന്യരോട് അസൂയ ഉള്ളവരാവരുത്.”

5:“ഓരോ ദിവസവും കുറച്ചുനേരം നാം നല്ല തമാശയ്ക്കായി സമയം കണ്ടെത്തണം.”

6: “കുറച്ചുനേരം നാം മറ്റുള്ളവരെ സന്തോഷിപ്പിക്കു ന്നതിനായി സമയം കണ്ടെത്തണം.”

7: “ഏതു സമയവും, നമുക്ക് നൽകപ്പെടുന്നതെന്തോ അത് സ്വീകരിക്കുന്നതിന് നാം തയ്യാ റായിരിക്കണം, അത് നമ്മുടെ ഇഷ്ടങ്ങൾക്കും തെരഞ്ഞെടുക്കലിനും അനുസരിച്ചാവണ മെന്നില്ല. ഓരോന്നും ഈശ്വരന്റെ സമ്മാനമാണെന്ന് കരുതുന്ന ഒരു പ്രകൃതം നമുക്കുണ്ടാ വണം. ഇത്തരം, തെരഞ്ഞെടുപ്പില്ലാത്ത അവബോധം നാം വികസിപ്പിക്കേണ്ടിയിരിക്കുന്നു; അത് നമ്മെ സന്തോഷവാന്മാരാക്കും.”

ഇത് എല്ലാവർക്കും ബാധകമായതുകാരണം, ഈ മറുപടിക്ക് കാതടപ്പിക്കുന്ന കരഘോഷ മായിരുന്നു.

## ദേഷ്യം നിയന്ത്രിക്കുന്നത്

**ചോദ്യം: "മി. അനിൽകുമാർ, എന്നിൽ കോപമുണ്ട്. എല്ലാവരോടും എനിക്ക് ദേഷ്യമാണ്. എന്റെ ബാലൻസ് തെറ്റുന്നതിന് എളുപ്പമാണ്. ഞാൻ എപ്പോഴും ഒരു കോപിഷ്ഠനായ മനുഷ്യനാണ്. കോപിക്കാതിരിക്കുന്നത് എങ്ങനെയെന്ന് ദയവായി എനിക്ക് പറഞ്ഞുതന്നാലും."**



അനിൽ: "എല്ലാ ഉത്തരങ്ങളും ഞങ്ങളുടെ ഭഗവാനിൽനിന്നാണ്."

ആദ്യത്തെ വസ്തുത:

"നിങ്ങൾ കോപിക്കുമ്പോൾ, കണ്ണാടിക്കുമുമ്പിൽ പോയി നിന്ന് നിങ്ങളെത്തന്നെ കാണുക. എത്ര വിരൂപനാണ് നിങ്ങളെന്ന് നിങ്ങൾക്ക് കാണാം." (*ചിരി*)

"രണ്ടാമത്തേത്: ഒരു ഗ്ലാസ് തണുത്ത വെള്ളം കുടിക്കുക, അത് നിങ്ങളെ ശാന്തനാക്കും."

"മൂന്നാമത്തേത്: വീടിന് പുറത്ത് വരിക. പുറത്തെ തുറസ്സായ സ്ഥലത്ത് വെറുതെ ഉലാത്തുക. കോപം ശമിക്കും."




"നാലാമത്തേത്: നിങ്ങളുടെ കോപത്തിന്റെ മൂലകാരണം അറിയുക. എന്താണ് നിങ്ങളുടെ കോപത്തിന്റെ മൂലകാരണം? നിങ്ങളുടെ കോപത്തിന്റെ മൂലകാരണം ഈഗോ (അഹംഭാവം) ആണ്. ഓരോരുത്തരും നിങ്ങളെ അനുസരിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു; ഓരോരുത്തരും നിങ്ങളെ ശ്രദ്ധിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നു; നിങ്ങൾ കരുതുന്നത് നിങ്ങളാണ് ശരി, മറ്റുള്ളവർ എപ്പോളും തെറ്റാണ് എന്നാണ്. നിങ്ങൾ കരുതുന്നത് നിങ്ങളാണ് എല്ലാവരേക്കാളും കേമൻ, മറ്റെല്ലാവരും നിങ്ങളോളം വരില്ല എന്നാണ്. ഇത് ഈഗോയാണ്. ഒരിക്കൽ ഇത് തിരിച്ചറിയുകയാണെങ്കിൽ, നിങ്ങൾക്കും തെറ്റുപറ്റിയേക്കാവുന്ന സന്ദർഭങ്ങളുണ്ട് എന്ന്

നിങ്ങൾക്ക് തോന്നും. മറ്റുള്ളവരും ശരിയായേക്കാം; മറ്റുള്ളവരും നിങ്ങളെപ്പോലെതന്നെ നല്ലവരാണ്; മറ്റുള്ളവരും നിങ്ങളെപ്പോലെതന്നെ മര്യാദയുള്ളവരാണ് എന്ന് ഒരിക്കൽ നിങ്ങൾ മനസ്സിലാക്കിയാൽ, പിന്നെ ഈഗോയ്ക്ക് നിലനിൽപ്പില്ല. നിങ്ങൾ ഒരിക്കലും







ആരോടും കോപിക്കില്ല.''

''നിങ്ങൾ അന്യനെ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ, നിങ്ങൾ അയാളുടെ ഭാഗത്തുനിന്നു കൊണ്ട് ചിന്തിക്കുമ്പോൾ, നിങ്ങൾക്ക് അയാളുടെ വീക്ഷണം അറിയാനാവും. കോപം കള യാനുള്ള ഏറ്റവും മികച്ച മാർഗം, അന്യന്റെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ചിന്തിക്കുകയാ ണ്, നിങ്ങളുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ടല്ല.''

ഞാൻ പറഞ്ഞത് എല്ലാവർക്കും സമ്മതമായെന്നു തോന്നി.

## വിമർശനത്തെ നേരിടുന്നത്

**ചോദ്യം: ''സർ, എന്നെ ധാരാളം പേർ വിമർശിക്കുന്നു. ധാരാളം പേർ എന്നെ കളിയാക്കുന്നു. ഇത് എന്നെ ശരിക്കും അസ്വസ്ഥനാക്കുന്നു. ഞാനൊരു സായിഭക്തനാണ്. ഈ ആധുനികയുഗത്തിൽ എങ്ങനെ സായിഭക്തനായി എന്ന് അവരെന്നെ കളിയാക്കുകയാണ്. അവർ അലോസരപ്പെടുത്തുമ്പോൾ, എനിക്കെന്റെ സമനില തെറ്റുന്നു. ഈ സാഹചര്യം ഞാനെങ്ങനെയാണ് നേരിടേണ്ടത്?''**

അനിൽ: ''ചെറുപ്പക്കാരാ, അത് എളുപ്പമാണ്!''

1: ''ബാബ എന്താണ് പറഞ്ഞത്? നിങ്ങൾക്കൊരു രജിസ്റ്റേഡ് കത്ത് ലഭിക്കുന്നു, നിങ്ങളത് കൈപ്പറ്റുന്നില്ല, നിരസിക്കുന്നു എന്നിരിക്കട്ടെ, ആ പോസ്റ്റ് അയച്ച ആളിനുതന്നെ തിരിച്ചുപോവും. ഇതുപോലെ, ആരെങ്കിലും നിങ്ങളെ വിമർശിക്കുമ്പോൾ, നിങ്ങളതിന് ചെവി കൊടുക്കുന്നില്ലെങ്കിൽ, നിങ്ങളെ അത് ബാധിക്കുന്നില്ലെങ്കിൽ, അത് നിങ്ങളെ ആ ചങ്ങാതിയിലേക്കുതന്നെ തിരികെ ചെല്ലും''.

2: "ആ കക്ഷി ഉറക്കെയാണ് വിമർശിക്കുന്നതെങ്കിൽ, അയാളുടെ എല്ലാ വാക്കുകളും അന്തരീക്ഷത്തിലേക്ക് പോവും. അയാൾ നിങ്ങളെ നിശ്ശബ്ദമായാണ് വിമർശിക്കുന്ന തെങ്കിൽ, അത് അയാൾക്ക് സ്വയം ബാധകമാവും. പരിഭ്രമിക്കേണ്ട!"




3: "അയാളുടെ വിമർശനം ശരിയാണെങ്കിൽ, നിങ്ങൾ സ്വയം തിരുത്തുക, സ്വയം നന്നാക്കുക. വിമർശനം ഒരു വ്യാജ ആരോപ ണമാണെങ്കിൽ, അത് ഗൗനിക്കാതിരിക്കുക.

"ബാബ പറഞ്ഞിട്ടുണ്ട്, "ആരെങ്കിലും എന്നെ കഷണ്ടിത്തലയൻ എന്ന് വിളിക്കുകയാണെങ്കിൽ എനിക്ക് ക്ഷോഭം തോന്നില്ല, കാരണം ഞാൻ കഷണ്ടിയല്ല. ബാബയുടെ മുടി മോപ്പ് പോലെയാണ് അഥവാ മുടിവലയമാണ് എന്ന് ആരെങ്കിലും പറയുകയാണെങ്കിൽ, ഞാൻ ക്ഷോഭിക്കില്ല, എന്തുകൊണ്ടെന്നാൽ എനിക്ക് ഇഷ്ടംപോലെ മുടിയുണ്ട്!"

"പറയപ്പെടുന്നത് നിങ്ങളിൽ ഇല്ലായെങ്കിൽ, നിങ്ങൾ അസ്വസ്ഥനാവേണ്ടതില്ല. പറയപ്പെടു ന്നത് നിങ്ങളിലുണ്ടെങ്കിൽ, ആ കാര്യത്തിലും, നിങ്ങൾ അസ്വസ്ഥനാവേണ്ട ആവശ്യമില്ല. ഇതാണ് ബാബ അരുളിയിട്ടുള്ളത്."

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)